പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2090 **26-10-2026-ൽ മറുപടിയ്ക്ക്**

എൽ.ഡി. ക്ലർക്ക് തസ്തികയിലേയ്ക്ക് പുതിയ നിയമനങ്ങൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. എ. ഡി. തോമസ് ശ്രീ. അനൂപ് ജേക്കബ്

(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

(എ) 2019 ന് ശേഷം സിവിൽ സപ്ലൈസ് വകുപ്പിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന എൽ.ഡി. ക്ലർക്ക് തസ്തികയിലേയ്ക്ക് പുതിയ നിയമനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതുവരെ എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

മറുപടി: 2019 ന് ശേഷം സിവിൽ സപ്ലൈസ് വകുപ്പിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന എൽ.ഡി. ക്ലർക്ക് തസ്തികയിലേയ്ക്ക് നിയമനങ്ങൾ നടത്തിയിട്ടുണ്ട് . ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം	10
കൊല്ലം	11
പത്തനംതിട്ട	4
ആലപ്പുഴ	17
കോട്ടയം	12
ഇടുക്കി	5
എറണാകുളം	25
തൃശ്ശൂർ	15
പാലക്കാട്	20
മലപ്പുറം	15
കോഴിക്കോട്	15
വയനാട്	7

കണ്ണൂർ	10
കാസർഗോഡ്	13

(ബി) നിയമനം നടന്നിട്ടില്ലെങ്കിൽ അതിനുള്ള തടസ്സങ്ങളും കാരണങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കാമോ; ഈ തടസ്സങ്ങൾ പരിഹരിച്ച് നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും പുതിയ നിയമനങ്ങൾ വേഗത്തിലാക്കുന്നതിനും സിവിൽ സപ്ലൈസ് വകുപ്പ് എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

മറുപടി: സിവിൽ സപ്ലൈസ് വകുപ്പിന് സപ്ലൈകോയിലേക്ക് അന്യത്ര സേവന നിയമനത്തിനായി അനുവദിച്ചിരുന്ന ക്ലാർക്ക്, സീനിയർ ക്ലാർക്ക് തസ്തികകളിൽ 22/02/2019 ലെ G.O. (Ms) No.11/2019/F&CSD ഉത്തരവ് പ്രകാരം 2019 മുതൽ 10% വീതം കുറവ് വരുത്തുന്നതിന് അന്നത്തെ സർക്കാർ ഉത്തരവായിരുന്നു. തുടർന്ന് 11/02/2021 ലെ G.O. (Ms)No.09/2021/F&CSD പ്രകാരം ഹെഡ് ക്ലാർക്ക്/റേഷനിംഗ് ഇന്സ്പെക്ടർ കേഡറിലെ അന്യത്ര സേവനം 10% കുറയ്ക്കുന്നതിനും മുൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അതിന്റെ ഫലമായി മാതൃവകുപ്പിലേക്ക് തിരികെ എത്തുന്നവരെ ഉൾക്കൊള്ളേണ്ടതിനാൽ 2021ന് ശേഷം പി.എസ്.സി. നിയമനങ്ങൾ നടത്തുന്നതിനായി വിരമിക്കൽ ഒഴിവുകൾ മാറ്റി വയ്ക്കാൻ സാധിക്കാത്ത സ്ഥിതിയാണ്. ഈ പ്രക്രിയ പൂർത്തിയാകുന്ന മുറയ്ക്ക് വകുപ്പിൽ ഉണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി നിയമനത്തിനായി മാറ്റി വയ്ക്കുന്നതാണ്.

(സി) 2017 ന് ശേഷം സിവിൽ സപ്ലൈസ് വകുപ്പിൽ എൽ.ഡി. ക്ലർക്കായി സർവ്വീസിൽ പ്രവേശിച്ച ജീവനക്കാർക്ക് സീനിയർ ക്ലർക്ക് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിയിട്ടുണ്ടോ; എങ്കിൽ എത്രപേർക്ക് ഇതുവരെ സ്ഥാനക്കയറ്റം ലഭിച്ചിട്ടുണ്ട്;

മറുപടി: എൽ.ഡി. ക്ലാർക്കിന്റെ സ്ഥാനക്കയറ്റ തസ്തികയായ യു.ഡി. ക്ലാർക്ക് തസ്തികയിൽ ഒഴിവുകൾ വരുന്ന മുറയ്ക്ക് സ്ഥാനക്കയറ്റം നൽകുന്നതാണ്.

(ഡി) പ്രസ്തുത ജീവനക്കാർക്ക് അർഹമായ സ്ഥാനക്കയറ്റം ലഭിച്ചിട്ടില്ലെങ്കിൽ അതിന്റെ തടസ്സങ്ങളും കാരണങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത വിഷയം പരിഹരിക്കുന്നതിനും അർഹമായ സ്ഥാനക്കയറ്റം സമയബന്ധിതമായി ലഭ്യമാക്കുന്നതിനും വകുപ്പ് എന്ത് പരിഹാര നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ